ഉത്തരം

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സർക്കാർ വിഹിതമായി നാളിതുവരെ 1,84,86,767/- രൂപ നൽകിയിട്ടുണ്ട്.

(ബി) ബോർഡ് 5.4.90-ൽ നിലവിൽ വന്നശേഷം ഓരോ വർഷവും നൽകിയ സംഖ്യ ചുവടെ ചേർത്തിരിക്കുന്നു.

1990-91	-	10,00,000
1991-92	-	തുക ലഭിച്ചില്ല
1992-93	-	തുക ലഭിച്ചില്ല
1993-94	-	69,00,000/-
1994-95	-	4,24,000/-
1995-96	-	77,84,213/-
1996-97	-	23,78,554/-
1997-98	-	1000 (ടോക്കൺ)
1998-99	-	1000 (ടോക്കൺ)
1999-2000	-	1000 ടോക്കൺ

(സി) മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 2,44,98,044/- രൂപ (രണ്ടു കോടി നാൽപ്പത്തിനാലു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാൽപ്പത്തിനാലു രൂപ) അംശദായ ഇനത്തിൽ ബോർഡിനു സർക്കാർ നൽകാനുണ്ട്.

(ഡി) 1000 രൂപ ടോക്കൺ പ്രൊവിഷനായി വകകൊള്ളിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക നൽകുന്നതാണ്.

283 (1462) കൈത്തറി മേഖലയിലെ പ്രതിസന്ധി നേരിടുന്നതിനുള്ള നടപടി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി മേഖല എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ബി) കൈത്തറി മേഖലയുടെ പ്രോത്സാഹനത്തിന് സംസ്ഥാന ഗവൺമെന്റ് സ്വന്തമായി വിദേശ വിപണികളിൽ ഇടപെടുന്നുണ്ടോ;

(സി) കേരളത്തിലും ഇന്ത്യയിലും കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന എങ്ങനെയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കൈത്തറി സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ട കുടിശ്ശിക നൽകാത്തതിന്റെ ഫലമായി പ്രതിസന്ധിയിൽ അകപ്പെടുന്നവരെ രക്ഷപ്പെടുത്താൻ അടിയന്തിരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഹാൻവീവ് മുഖേന പലയിടത്തും നൂൽവിതരണം ആവശ്യത്തിന് നടത്താൻ സാധിക്കാത്തതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുന്നു;

(ജി) കേരളത്തിൽ എത്ര കോടി രൂപയുടെ കൈത്തറി തുണിത്തരങ്ങൾ ഇപ്പോൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈത്തറി വ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവായ കഴിനൂലിന് അടിക്കടി ഉണ്ടാകുന്ന വിലവർദ്ധന, ഉൽപ്പാദനത്തിനാവശ്യമായ കൗണ്ടുകളുടെ ലഭ്യതക്കുറവ്, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ നൽകുന്ന ഉയർന്ന വേതനം എന്നിവ കൈത്തറി ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന് കാരണമായിത്തീരുന്നു. മറ്റു സംസ്ഥാനങ്ങളിൽ യന്ത്രസഹായത്തോടെ അത്യാകർഷകമായ ഡിസൈനുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വരവും ഉദാരവൽക്കരണത്തിന്റെ ഫലമായി വിദേശനിർമ്മിതമായ ഉൽപ്പന്നങ്ങൾ നമ്മുടെ കമ്പോളത്തിൽ വന്നടിയുന്നതും നമ്മുടെ ഉൽപ്പന്നങ്ങൾക്ക് വിപണനത്തിൽ മാന്ദ്യത സൃഷ്ടിക്കുന്നുണ്ട്. ഈ കാരണങ്ങളാൽ കൈത്തറി വ്യവസായം പ്രതിസന്ധിയിലാണ്.

(ബി) ഗവൺമെന്റ് നേരിട്ട് ഇടപെടുന്നില്ല. എന്നാൽ ഹാന്റക്സ്, ഹാൻവീവ് തുടങ്ങിയ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വിദേശ വിപണനങ്ങൾക്കുള്ള ശ്രമങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകിയിരുന്നു.

(സി) വിൽപ്പനയ്ക്കുള്ള പ്രോത്സാഹനമായി ഉത്സവ വിശേഷ അവസരങ്ങളിൽ വിറ്റഴിക്കപ്പെടുന്ന തുണിയുടെ വിലയുടെ 20% ഉപഭോക്താവിന് റിബേറ്റായി അനുവദിക്കപ്പെടുന്നത് സർക്കാർ തിരിച്ചുനൽകുന്നു. രാജ്യത്തെമ്പാടും നടത്തുന്ന പ്രദർശന വിൽപ്പന മേളകളിൽ പങ്കെടുത്ത് വിപണനം നടത്തുന്നതിന് അവസരമൊരുക്കുന്നു.

(ഡി) ഉണ്ട്.

(ഇ) റിബേറ്റിനത്തിലും, എം.ഡി.എ. ഇനത്തിലും മാത്രമേ സർക്കാരിൽനിന്നും സംഘങ്ങൾക്ക് കുടിശ്ശിക ലഭിക്കുവാനുണ്ടായിരുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ റിബേറ്റിനത്തിൽ 2378.43 ലക്ഷം രൂപയും എം.ഡി.എ. ഇനത്തിൽ 3800.67 ലക്ഷം രൂപയും ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇനി കുടിശ്ശികയായി വളരെ കുറച്ച് തുക മാത്രമേ നൽകുവാനുള്ളൂ. അതുകൂടി നൽകാനുള്ള ശ്രമത്തിലാണ്. സർക്കാർ കുടിശ്ശിക നൽകാത്തതിനാൽ സംഘങ്ങൾ പ്രതിസന്ധിയിൽ ആയിട്ടില്ല.

(എഫ്) സബ്സിഡി അനുവദിച്ച് കഴിനൂൽ വിതരണം ചെയ്യുന്നത് ഹാന്റക്സ്, ഹാൻവീവ്, എറണാകുളം ജില്ലാസഹകരണ നൂൽബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴിയാണ്. ഹാൻവീവിൽനിന്നും ലഭ്യമല്ലെങ്കിൽ സംഘങ്ങൾക്ക് മറ്റ് നൂൽ ബാങ്കുകളിൽനിന്നും നൂൽ വാങ്ങാവുന്നതാണ്. എൽ.എച്ച്.ഡി.ജി.യുമായി സഹകരിച്ച് ഹാൻവീവ് കണ്ണൂർ ആസ്ഥാനമാക്കി ഒരു ഡിപ്പോ തുറന്നിട്ടുണ്ട്. ഇതുവഴി കൈത്തറി നെയ്ത്തുകാർക്കും ഒറ്റത്തറി നെയ്ത്തുകാർക്കും കുറഞ്ഞ നിരക്കിൽ നൂൽ വിതരണം ചെയ്തുവരുന്നുണ്ട്.

(ജി) കൈത്തറി തുണികൾ സമാഹരിച്ചു വിതരണം നടത്തുന്നതിനു മുതലയുള്ള ഹന്റക്സിൽ 38 കോടി രൂപയുടെയും ഹാൻവീവിൽ 13.68

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടേയും തുണി സ്റ്റോക്കുണ്ട്. കൂടാതെ പ്രാഥമിക കൈത്തറി സംഘങ്ങളിൽ ഏകദേശം 15 കോടി രൂപയുടെ തുണി കെട്ടിക്കിടക്കുന്നുണ്ട്.

284.(1463) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) ജീവനക്കാരുടെ ശമ്പള പരിഷ്കരണം/ഇടക്കാലാശ്വാസം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ശമ്പള പരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉറപ്പു നൽകിയത്;

(ഡി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. ഹാൻവീവ് ജീവനക്കാരുടെ ഇടക്കാലാശ്വാസം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൈത്തറി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഹാന്റ്ലൂം പ്രോസസ്സ് ഹൗസ് വർക്കേഴ്സ് ആന്റ് ഡിപ്പോ വർക്കേഴ്സിന്റെ വേതനവർദ്ധനവ് സംബന്ധിച്ചുള്ള കരാർ പുതുക്കുന്നത് സംബന്ധിച്ചുള്ള കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കഴിഞ്ഞ ഓണക്കാലത്ത് ജീവനക്കാർ പണിമുടക്കും എന്ന സ്ഥിതി വന്നപ്പോൾ ശമ്പളപരിഷ്കരണം ഉടനെ പരിഗണിക്കുന്നതാണ് എന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

285 (1464) കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള വ്യാപാരികളുടെ ഭാഗത്തുനിന്നുള്ള അംശദായം നിശ്ചയിച്ചതിലുള്ള അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള നിയമത്തിലെ അപാകത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) അംശദായം നിശ്ചയിച്ചതിലെ അപാകത നിമിത്തം കുടിശ്ശികയായിട്ടുള്ള തുക പിരിച്ചെടുക്കാനും വ്യാപാരികൾ കുടിശ്ശിക വരുത്താതിരിക്കാനും നിലവിലുള്ള നിയമത്തിൽ അംശദായം പുതുക്കി നിശ്ചയിച്ച് അപാകത തീർക്കാനാവശ്യമായ നിയമഭേദഗതിക്ക് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly